II ഇ. ബി. XIV - കേരള നിയമസഭ/XIII- 6

## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഡിസംബർ 05, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും സഭാ കവാടത്തിനു മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ.മാർക്ക് അഭിവാദ്യം അർപ്പിച്ചും യു.ഡി.എഫ്. അംഗങ്ങൾ സ്വസ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും തുടർന്ന് സഭാനടപടികളോട് സഹകരിക്കുകയും ചെയ്തു.)

8(*151 & *171) വനിത-ശിശു വികസന വകുപ്പ് നടപ്പാക്കുന്ന മുഖ്യപദ്ധതികൾ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, നിർഭയ,

സംയോജിത ശിശുസംരക്ഷണം, പ്രധാൻമന്ത്രി മാതൃ വന്ദന യോജന, അനുപൂരക പോഷകാഹാര പദ്ധതി, സ്വാധാർഗ്രഹ്, ബാലനിധി, കൈത്താങ്ങ്, മംഗല്യ, അഭയ കിരണം, വിജ്ഞാന ദീപ്തി, ഉജ്ജ്വല ബാല്യം, സഹായ ഹസ്തം, ഔർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ, നാഷണൽ ന്യൂട്രീഷ്യൻ മിഷൻ, തേജോമയ ഹോം തുടങ്ങിയ പദ്ധതികൾ വനിത-ശിശു വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മാനസിക ശാരീരിക പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി ആരംഭിച്ച തണൽ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയും ഇതിന്റെ സേവനം ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പർ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്വഭാവ-വൈകാരിക-മാനസിക-ആരോഗ്യ-പഠന പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് ഔർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ (ORC) പദ്ധതിയുടെ ഭാഗമായി സൈക്കോളജിസ്റ്റുമാരുടെ സേവനം ഉറപ്പാക്കുകയും സ്കൂൾ തലത്തിൽ ക്യാമ്പുകളും രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുകയും അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ടെന്നും 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ശരണബാല്യം പദ്ധതി പ്രകാരം 65-ലേറെ കുട്ടികളെ മോചിപ്പിക്കുകയും ബാലവേല, ബാലഭിക്ഷാടനം, ബാലചൂഷണം എന്നിവ കണ്ടെത്തിയാൽ

അറിയിക്കേണ്ട ഫോൺ നമ്പറുകൾ, അഡ്രസ്സുകൾ എന്നിവ ഉൾപ്പെടുത്തി 10 ജില്ലകളിലെ പ്രധാന കേന്ദ്രങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ, ഗുരുതര പോഷക കുറവുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി നടപ്പിലാക്കുന്ന അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് പോഷകാഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും 2 വയസ്സിനു താഴെയുള്ള കുട്ടികളുടെ ഭക്ഷണക്രമം സംബന്ധിച്ച് ബ്രോഷറുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതിനായി താലോലം, കാൻസർ സുരക്ഷാ പദ്ധതി, ശ്രുതിതരംഗം, ധ്വനി, മിഠായി, വീ-കെയർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ബാലനിധി പദ്ധതിയിലൂടെ നടപ്പ് സാമ്പത്തിക വർഷം 4 കുട്ടികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ജില്ലാതലത്തിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി രൂപീകരിക്കുന്നതിനും എറണാകുളം ജില്ലയിൽ പോക്സോ കോടതി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന വിമൻ ഹെൽപ്പ് ലൈൻ മിത്ര '181', ഷീ ലോഡ്ജ്, ഷീ ടോയ്‌ലെറ്റ്, ഷീ ടാക്സി, വിമൻസ് സെൽ, വിധവകൾക്കുള്ള സംരംഭകത്വ വികസന പരിപാടി, വനമിത്ര തുടങ്ങിയ പദ്ധതികൾ വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. അദാലത്തുകളിലൂടെ പരാതികൾ

തീർപ്പാക്കുക, സെമിനാറുകൾ നടത്തുക, സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തി ശിപാർശ സമർപ്പിക്കുക, ജാഗ്രതാ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുക, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക, ഹൈസ്കൂൾ/കോളേജ് തലത്തിൽ ലിംഗബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും ലഹരിമരുന്നിന്റെ ദൂഷ്യഫലങ്ങൾ, സ്ത്രീധന വ്യവസ്ഥ, മൊബൈൽ ഫോൺ ദുരുപയോഗം തുടങ്ങിയവ സംബന്ധിച്ച് ഉപദേശവും മാർഗ്ഗദർശനവും നൽകുക, പത്ര-ദൃശ്യ മാധ്യമങ്ങളിൽ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നതിനെതിരെ നടപടിയെടുക്കുക, വിവാഹപൂർവ്വ കൗൺസിലിംഗ് നൽകുക തുടങ്ങിയ പ്രവർത്തനങ്ങളാണ് വനിതാ കമ്മീഷൻ നടത്തുന്നത്. സ്ത്രീകൾക്കും കൂടെയുള്ള 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും രാത്രികാലം സുരക്ഷിതമായ വിശ്രമം സൗജന്യമായി നൽകുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ 'എന്റെ കൂട്' പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും എറണാകുളം ജില്ലയിൽ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ആദിവാസി സ്ത്രീകൾക്കായി ഊരുമിത്രം ആശ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ജാഗ്രതാ

സമിതിയുടെ നേതൃത്വത്തിൽ ഓരോ ജില്ലയിലെയും തെരഞ്ഞെടുത്ത 5 പഞ്ചായത്തുകളിലെ 5 വാർഡുകളിൽ കൈത്താങ്ങ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിധവകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായ ഹസ്തം പദ്ധതിയിലൂടെ 30,000 രൂപ നൽകുന്നതാണ്. അങ്കണവാടികളിലെ അടിസ്ഥാന സൗകര്യവും പഠനരീതിയും പരിഷ്കരിക്കുന്നതാണെന്നും അങ്കണവാടി ടീച്ചർമാരുടെയും വർക്കർമാരുടെയും പെൻഷൻ ആയിരം രൂപയായും ആശ പ്രവർത്തകരുടെ ഓണറേറിയം നാലായിരം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഇൻസെന്റീവ് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9(*152) <u>പൊതുവിതരണരംഗം കാര്യക്ഷമമാക്കുന്നതിന് നടപടി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, പൊതുവിതരണം കാര്യക്ഷമമാക്കുന്നതിനായി അർഹരായ ഉപഭോക്താക്കൾക്ക് ആതറൈസ്ഡ് ഏജൻസി (സപ്ലൈകോ) മുഖേന ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽനിന്ന് സ്റ്റോക്കെടുത്ത് വാതിൽപ്പടി വിതരണം നടത്തുന്നുണ്ടെന്നും ഇക്കാര്യങ്ങൾ ട്രാൻസ്പരൻസി പോർട്ടലിലൂടെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്നും

പുനരവലോകനം നടത്തുന്നതിന് കേരള സർവ്വകലാശാലയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പ്രതിമാസ റേഷൻ വിഹിതം സംബന്ധിക്കുന്ന വിവരങ്ങൾ എസ്.എം.എസ്. ആയി ഉപഭോക്താക്കളെ അറിയിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇ-പോസ് സംവിധാനം നിലവിൽ വന്നതോടെ എൻഫോഴ്സ്മെന്റ് വിഭാഗം കാർഡുടമകളെ നേരിൽക്കണ്ട് മൊഴി രേഖപ്പെടുത്തി തുടർനടപടി സ്വീകരിച്ചതിന്റെ ഫലമായി കമ്മീഷണറേറ്റ് തലത്തിൽ എട്ട് റേഷൻകടകളുടെയും ജില്ലകളിൽ 155 റേഷൻകടകളുടെയും അംഗീകാരം താൽക്കാലികമായി റദ്ദ് ചെയ്ത് തുടർനടപടി സ്വീകരിച്ചുവരികയും ഉത്സവ സമയങ്ങളിൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് കേന്ദ്രീകരിച്ച് സ്പെഷ്യൽ പരിശോധനാ വിഭാഗങ്ങൾ രൂപീകരിച്ച് പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ഇ-പോസ് മെഷീൻ weighing machine-നുമായി ബന്ധപ്പെടുത്തി കൃത്യമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന ഭക്ഷ്യ കമ്മീഷനായി ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെയും പരാതി പരിഹാരത്തിന് ഡി.ജി.ആർ.ഒ.മാരായി എ.ഡി.എം.മാരെയും നിയമിച്ചിട്ടുണ്ട്. ഭക്ഷ്യകമ്മീഷൻ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നതിനും വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാര പരിശോധനയിലൂടെ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ

കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും റേഷൻ വ്യാപാരികൾ കണക്കുകൾ സൂക്ഷിക്കുന്നുണ്ടോയെന്നും ഉപഭോക്താക്കൾ കാണത്തക്കവിധം വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും ഉറപ്പ് വരുത്തുന്നുണ്ടെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് അപേക്ഷ സമർപ്പിച്ചാൽ വെട്ടിക്കുറച്ച റേഷൻ പുന:സ്ഥാപിക്കുമെന്നും മാരകരോഗം ബാധിച്ചവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി മുൻഗണനാ കാർഡ് നൽകുന്നതാണെന്നും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട അനർഹരെ കണ്ടെത്തി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി അടിയന്തരമായി പൂർത്തിയാക്കുന്നതാണെന്നും അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ചുകൊണ്ടുള്ള റേഷൻകാർഡ് വിതരണം നടന്നുവരുന്നുണ്ടെന്നും 2018 ഡിസംബറിൽ പൂർത്തിയാക്കുമെന്നും റേഷൻ വ്യാപാരികൾക്ക് മാന്യമായ വേതനം ലഭ്യമാക്കുന്നതിനായി അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള പുതിയ പാക്കേജിന് രൂപം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1946 മുതൽ 2349 വരെയുള്ള ചോദ്യങ്ങളിൽ 403 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)